# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2053 05/12/2018-ന് മറുപടിക്ക്

**അന്തർ സംസ്ഥാന നദീജല വിഷയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) അന്തർസംസ്ഥാന നദീജല വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) അന്തർ സംസ്ഥാന നദീ ജല വിഷയങ്ങളിൽ കേരളത്തിന്റെ താല്പര്യം പൂർണമായും സംരക്ഷിക്കുന്നതിനുവേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാദ്ധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന് പ്രധാനമായും ജലം ലഭിക്കുന്ന പറമ്പിക്കുളം – ആളിയാർ പദ്ധതിയിൽ നിന്ന് കരാർ പ്രകാരം ലഭിക്കേണ്ട ജലം സംയുക്ത ജല ക്രമീകരണബോർഡിന്റെ (ജെ.ഡബ്ല്യൂ .ആർ.ബി) യോഗങ്ങളിൽ കേരളം ശക്തമായ വാദമുഖങ്ങൾ ഉയർത്തി കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന് അവകാശപ്പെട്ട ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു. ഇതിനു പുറമെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിന് കേരള വൈദ്യുതി ബോർഡും, ജലസേചനവകുപ്പും, തമിഴ്നാടുമായി ഉഭയകക്ഷി ചർച്ചയടക്കമുള്ള ശക്തമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. തുടർന്നും ഇത്തരം കാര്യക്ഷമമായ ഇടപെടലുകൾ ആവശ്യമായ ഘട്ടങ്ങളിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്,<br>അന്തർസംസ്ഥാന നദീജല വിഷയത്തിൽ സുപ്രീംകോടതിയിലും ഹൈക്കോടതിയിലുമുള്ള നിലവിലുള്ള കേസുകൾ, വിദഗ്ദ്ധ അഭിഭാഷകരെ ചുമതലപ്പെടുത്തി കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ട് ഫലപ്രദമായി നടത്തിവരുന്നു. ഇതു കൂടാതെ 05.05.2008-ലെ സർക്കാർ ഉത്തരവ് നം.G.O(Rt)No.456/2008/WRD പ്രകാരം കേരളസംസ്ഥനത്തിന്റെ ജലസമ്പത്ത് |

അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ജലസേചനവകുപ്പിൽ ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് നദീ തടങ്ങളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ആഫീസർമാരായും നിയോഗിക്കപ്പെട്ടിട്ടുള്ള സംവിധാനം നിലവിലുണ്ട്. ഈ ഉദ്യോഗസ്ഥർ എല്ലാ മാസവും ഇൻസ്പെക്ഷൻ നടത്തി നല്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് യഥാസമയം സർക്കാറിന് സമർപ്പിച്ചുവരുന്നു. ഇപ്രകാരം വിജിലൻസ് ഓഫീസർമാരുടെ ഭാഗത്തുനിന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വീഴ്ച്ചകൾ ഉണ്ടാകാതെയിരിക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. കേരളത്തിൽ നിന്ന് അനധികൃതമായി ജലം കൊണ്ട് പോകുന്നു എന്നതു ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ ഈ വിവരം ബന്ധപ്പെട്ട സംസ്ഥാനങ്ങളെ അറിയിക്കുകയും അതു തടയുവാനുള്ള തുടർനടപടികളും എടുത്തു വരുന്നുണ്ട്..

| | | |
|---|---|---|
| ബി)പ്രസ്തുത വിഷയത്തിൽ ഉപദേശം നൽകുന്നതിനുള്ള സേന രൂപീകരിച്ചിട്ടുണ്ടോ ; | ണിയും<br>സിയും<br>ഡിയും | അന്തർസംസ്ഥാന നദീജല വിഷയത്തിൽ ഉപദേശം നല്കുന്നതിനുള്ള സേനയൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ 09-06-2017-ലെ സർക്കാർ ഉത്തരവ് (സാ. ധാ.)നം.501/2017/ജ.വി.വ .പ്രകാരം അന്തർ സംസ്ഥാന നദിജല തർക്കങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വേഗത്തിലും കൃത്യമായും തീരുമാനം എടുക്കുന്നതിനു സർക്കാറിനാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിനായി ശ്രീ.വി.ജെ..കുര്യൻ ഐ.എ.എസ്(റിട്ട) ചെയർമാനായും ഇറിഗേഷൻ വകുപ്പിലേയും വൈദ്യുതിവകുപ്പിലേയും വിരമിച്ച ചീഫ് എഞ്ചിനീയർമാരും ഇറിഗേഷൻ വകുപ്പിലെ ചീഫ് എഞ്ചിനീയറായ ശ്രീ.ടി.ജെ.സെൻ എന്നിവർ അംഗങ്ങളുമായ ഒരു ഉപദേശകസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉപദേശകസമിതി നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും അന്തർസംസ്ഥാന നദീജല തർക്കങ്ങളുമായുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ സർക്കാറിനെ അറിയിക്കുകയും ചെയ്തു വരുന്നു. പ്രസ്തുത ഉപദേശകസമിതിയുടെ |

സി) ഉണ്ടെങ്കിൽ അതിന്റെ ഘടനയും നിലവിലുള്ള അംഗങ്ങളേയും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

ഡി) പ്രസ്തുത സേനയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരം നൽകുമോ ?

മൂന്ന് യോഗങ്ങൾ ഇതുവരെ കൂടിയിട്ടുണ്ട്. അതിൽ പ്രധാനമായും പറമ്പിക്കുളം-ആളിയാർ പദ്ധതി കാവേരി, മുല്ലപ്പെരിയാർ എന്നീ വിഷയങ്ങളിൽ സർക്കാറിന് ഉചിതമായ ഉപദേശങ്ങൾ നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ